**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5241** **14-03-2023 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി തെക്കുംഭാഗം വില്ലേജ് ഓഫീസിൽ നിന്നും നൽകിയ ആശ്രിത സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ജി.ഒ(എം.എസ്.) നം.14/2010/പി.&എ.ആർ.ഡി. തീയതി 12-04-2010 ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിന് കീഴിലുള്ള തെക്കുംഭാഗം വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി തഹസിൽദാർ 2020 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ എത്രപേർക്ക് സംസ്ഥാന സർക്കാരിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇപ്രകാരം ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | 2020, 2021, 2022 കാലത്തെ തൻപതിവേടുകൾ പ്രകാരം തെക്കുംഭാഗം വില്ലേജാഫീസറുടെ 586/21, 123/22 എന്നീ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി തഹസിൽദാർ ഓഫീസിൽ നിന്നും യഥാക്രമം തെക്കുംഭാഗം വില്ലേജിൽ വടക്കും മുറിയിൽ മണികണ്ഠഭവനം പാലവിള തെക്കതിൽ അംജിത്ത് എം.എ., ശ്രീരത്നം വീട്ടിൽ ശ്രീമതി ദേവി എന്നിവർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കൂടാതെ 01-01-2020 മുതൽ 31-12-2022 വരെ e-district portal വഴി ആകെ 616 ആശ്രിത സർട്ടിഫിക്കറ്റ് കരുനാഗപ്പള്ളി താലൂക്കിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ഇത് ഏത് ആവശ്യ പ്രകാരമാണ് നൽകിയിട്ടുള്ളത് എന്ന് കണ്ടെത്തുവാൻ സംവിധാനം ഇല്ലാത്തതുമാണ്. |
| (ബി) | ഇപ്രകാരം ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള അപേക്ഷകളിൽ പങ്കാളിക്ക് സർക്കാർ/പൊതു മേഖല/സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയുള്ള എത്ര പേർക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | ഇത്തരം അപേക്ഷകർക്ക് ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ